## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2758 — 10.07.2015 ൽ മറുപടിയ്ക്ക്**

## കുട്ടനാട്, ഇടുക്കി പാക്കേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്, ഇടുക്കി പാക്കേജുകൾ കേന്ദ്ര സർക്കാർ എന്നാണ് അനുവദിച്ചത് ; ഇതിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്ന പ്രത്യേക ഓഫീസ് നിർത്തലാക്കണമെന്ന് കൃഷി വകുപ്പ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ) കുട്ടനാട് പാക്കേജിന് 2008 ജൂലൈ 24 നും ഇടുക്കി പാക്കേജിനു 2008 നവംബർ 20 നുമാണ് കേന്ദ്ര സർക്കാർ അംഗീകാരം നല്കിയത്. കുട്ടനാട്, ഇടുക്കി പാക്കേജുകൾക്ക് പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള (ongoing) കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഡിപിആർ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നത്. കുട്ടനാട്, ഇടുക്കി പാക്കേജുകളുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്ന പ്രത്യേക ഓഫീസിൽ നിയോഗിച്ച കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ തിരികെ വകുപ്പിൽ നിയമിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഡയറക്ടർ സർക്കാരിന് കത്ത് നല്കിയിട്ടുണ്ട്. |
| (ബി) കാർഷിക മേഖലയ്ക്ക് കോടികളുടെ ധനസഹായം ലഭിക്കുന്ന പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ | (ബി) 21.09.2008 ലും 25.11.2008 ലും കേന്ദ്ര സർക്കാരിന് വിശദമായ പദ്ധതി റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. ടി |

| | |
|---|---|
| കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് വിശദ-പദ്ധതി റിപ്പോർട്ടുകൾ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ; | ഡിപിആർ ഡിസംബർ 2008 ൽ കേന്ദ്ര സർക്കാർ നിരസിക്കുകയും ഫെബ്രുവരി 2009 ൽ ഡിപിആർ തയ്യാറാക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും നവംബർ 2009 ൽ പുതുക്കിയ ഡിപിആർ സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (സി) പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 4249/2013/ജിഎഡി തീയതി 23.05.2013 പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. എം.സി.മോഹൻദാസ് ഐ എ എസ് കുട്ടനാട് ഇടുക്കി പാക്കേജുകളുടെ പ്രോജക്ട് ഡയറക്ടറായി അധിക ചുമതല വഹിച്ചു വരുന്നു. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.6339/2014/ജിഎഡി തീയതി 11.08.2014 പ്രകാരം ശ്രീ.സുബ്രതാ ബിശ്വാസ് ഐ എ എസിന് ഇടുക്കി പാക്കേജിന്റെ അധിക ചുമതല നല്കിയിട്ടുണ്ട്. |
| (ഡി) തണ്ണീർമുക്കം ബണ്ട് നവീകരണം, കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം എന്നിവയുടെ പുരോഗതി വിലയിരുത്താമോ ? | (ഡി) തണ്ണീർമുക്കം ബണ്ട് നവീകരണം, കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

ഉൾപ്പെടുത്തി(കേന്ദ്രവിഹിതം 75%,സംസ്ഥാന വഹിതം 25%) 4 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയുണ്ടായി.

**കേന്ദ്രസർക്കാർ അനുമതി ലഭിച്ച പദ്ധതികൾ**

1. ***കെ. ഇ. എൽ (1): - നെടുമുടി പഞ്ചായത്തിൽപ്പെട്ട 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ***

എസ്റ്റിമേറ്റ് തുക - 24.76 കോടി.

നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 7.425 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 24.7 കോടി രൂപായുടെ പദ്ധതി 14 പ്രവർത്തികളായി ടെൻഡർ ചെയ്യുകയുണ്ടായി. ഈ സ്കീമിൽ ഇതുവരെ 10 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 14.59 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

2. ***കെ. ഇ. എൽ (2): - കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽ പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ***

എസ്റ്റിമേറ്റ് തുക - 118.913 കോടി.

കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 118.913 കോടി അടങ്കൽ വരുന്ന പദ്ധതി 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 15 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 118.913 കോടി രൂപായുടെ പദ്ധതി 3 പ്രവർത്തികളായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 99.79 കോടി രൂപ ചെലവായിട്ടുണ്ട്.

3. ***കെ. ഇ. എൽ (3) [ഫേസ് - 1]: - കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ***

എസ്റ്റിമേറ്റ് തുക - 379.05 കോടി.

231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 18.08.2011ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 30 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 25 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും51.49 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

4. കെ. ഇ. എൽ (4)/ഓണാട്ടുകര: -ഓണാട്ടുകര, തുറവൂർ, പട്ടദൗത്യം - 8.1.

ണക്കാട് പ്രദേശത്തെ തോടുകൾ കുളങ്ങൾ മുതലായവയുടെ പുനരുദ്ധാര ണവും നവീകരണവും.

ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട് 15.12.2011-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 70 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡു വായി കേന്ദ്രസർക്കാരിന്റെ 11.25 കോടി രൂപയും സംസ്ഥാനസർക്കാർ വിഹിതമായ 3.75 കോടി രൂപയും ഉൾപ്പെടെ 15 കോടിരൂപ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 12 നീർത്തട പദ്ധതികളായി തിരിച്ച് ടെൻഡർ ചെയ്തു . ഇതിന്റെ പണികൾപുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിന് 14.95 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

**കേന്ദ്രസർക്കാർ അനുമതി ലഭിക്കുവാനുള്ള പദ്ധതി**

**കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ**

ഭരണാനുമതി ലഭിച്ച തുക - 758.39 കോടി.

398 പാടശേഖരങ്ങൾക്ക് 3.10.2013-ലെ സർക്കാർ ഉത്തരവ് ജി. ഓ. (ആർ.റ്റി.) നം.1072/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രവൃത്തികളുടെ ടെൻഡർ നടപടികൾ കൈകക്കൊള്ളുകയും ചെയ്തു. 20.12.2013 ലും 7.10.2014 ലും കൂടിയ പ്രോസ്പരിറ്റി കൗൺസിൽ യോഗത്തിൽ വീയപുരം പഞ്ചായത്തിലെ 18 പാടശേഖരങ്ങൾ കൂടി കുട്ടനാട് താലൂക്കിൽ ഉൾപ്പെടുത്തണമെന്നും തകഴി പഞ്ചായത്തിലെ പാടശേഖരങ്ങളുടെ എസ്റ്റിമേറ്റ് സ്പ്ലിറ്റ് ചെയ്ത് തയാറാക്കണമെന്നും നിർദ്ദേശം ഉണ്ടായി.ഇതിന്റെ അടിസ്ഥാനത്തിലും 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരവും ഡി. പി. ആർ. 1212.45കോടി രൂപയ്ക്ക് പുതുക്കി തയാറാക്കി. ഇതിന് സ്റ്റേറ്റ് റ്റി എ സി യുടെ അംഗീകാരം ലഭിക്കുകയുണ്ടായി.ഇതിന് കേന്ദ്രഗവൺമെന്റിന്റെ FMP Scheme-ൽ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

4 **ചുമതല - 8.1.7: - ഓരുമുട്ട് നിർമ്മാണം - പതിമൂന്നാം ധനകാര്യകമ്മീഷന്റെ സഹായത്താൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിനടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ**

1 **തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.**

എസ്റ്റിമേറ്റ് തുക - 25.20 കോടി

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തിയായി.

2 **ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം.**

ഉൾപ്പെടുത്തി(കേന്ദ്രവിഹിതം 75%,സംസ്ഥാന വഹിതം 25%) 4 പദ്ധതികൾക്ക്
അംഗീകാരം ലഭിക്കുകയുണ്ടായി.

**കേന്ദ്രസർക്കാർ അനുമതി ലഭിച്ച പദ്ധതികൾ**

1. ***കെ. ഇ. എൽ (1): - നെടുമുടി പഞ്ചായത്തിൽപ്പെട്ട 14 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ***

എസ്റ്റിമേറ്റ് തുക - 24.76 കോടി.

നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട്
സംരക്ഷണത്തിനായി 24.7 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് 12.07.2010-
ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും
തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 7.425 കോടി രൂപാ റിലീസ്
ചെയ്യുകയും ചെയ്തു. അംഗീകരിച്ച 24.7 കോടി രൂപായുടെ പദ്ധതി 14
പ്രവർത്തികളായി ടെൻഡർ ചെയ്യുകയുണ്ടായി. ഈ സ്കീമിൽ ഇതുവരെ
10 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 14.59 കോടി
രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

2. ***കെ. ഇ. എൽ (2): - കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽ പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ***

എസ്റ്റിമേറ്റ് തുക - 118.913 കോടി.

കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണ
ത്തിനായി 118.913 കോടി അടങ്കൽ വരുന്ന പദ്ധതി 12.07.2010-ൽ കൂടിയ
കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവി
ഹിതത്തിന്റെ ആദ്യ ഗഡുവായി 15 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു.
അംഗീകരിച്ച 118.913 കോടി രൂപായുടെ പദ്ധതി 3 പ്രവർത്തികളായി
പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ
99.79 കോടി രൂപ ചെലവായിട്ടുണ്ട്.

3. ***കെ. ഇ. എൽ (3) [ഫേസ് - 1]: - കുട്ടനാടൻ പ്രദേശത്തെ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ***

എസ്റ്റിമേറ്റ് തുക - 379.05 കോടി.

231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി
അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.
18.08.2011ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടിക്ക്
അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 30 കോടി രൂപ
റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ
ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ
ഇതുവരെ 25 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കു
കയും51.49 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

4. ദൗത്യം - 8.1.*കെ. ഇ. എൽ (4)*/ഓണാട്ടുകര: -ഓണാട്ടുകര, തുറവൂർ, പട്ട

ണക്കാട് പ്രദേശത്തെ തോടുകൾ കുളങ്ങൾ മുതലായവയുടെ പുനരുദ്ധാര

ണവും നവീകരണവും.

ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട് 15.12.2011-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 70 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡു വായി കേന്ദ്രസർക്കാരിന്റെ 11.25 കോടി രൂപയും സംസ്ഥാനസർക്കാർ വിഹിതമായ 3.75 കോടി രൂപയും ഉൾപ്പെടെ 15 കോടിരൂപ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 12 നീർത്തട പദ്ധതികളായി തിരിച്ച് ടെൻഡർ ചെയ്തു . ഇതിന്റെ പണികൾപുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇതിന് 14.95 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

**കേന്ദ്രസർക്കാർ അനുമതി ലഭിക്കുവാനുള്ള പദ്ധതി**

**കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ**

ഭരണാനുമതി ലഭിച്ച തുക - 758.39 കോടി.

398 പാടശേഖരങ്ങൾക്ക് 3.10.2013-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ.റ്റി.) നം.1072/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രവൃത്തികളുടെ ടെൻഡർ നടപടികൾ കൈകക്കൊള്ളുകയും ചെയ്തു. 20.12.2013 ലും 7.10.2014 ലും കൂടിയ പ്രോസ്പരിറ്റി കൗൺസിൽ യോഗത്തിൽ വീയപുരം പഞ്ചായത്തിലെ 18 പാടശേഖരങ്ങൾ കൂടി കുട്ടനാട് താലൂക്കിൽ ഉൾപ്പെടുത്തണമെന്നും തകഴി പഞ്ചായത്തിലെ പാടശേഖരങ്ങളുടെ എസ്റ്റിമേറ്റ് സ്പ്ലിറ്റ് ചെയ്ത് തയാറാക്കണമെന്നും നിർദ്ദേശം ഉണ്ടായി.ഇതിന്റെ അടിസ്ഥാനത്തിലും 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരവും ഡി. പി. ആർ. 1212.45കോടി രൂപയ്ക്ക് പുതുക്കി തയാറാക്കി. ഇതിന് സ്റ്റേറ്റ് റ്റി എ സി യുടെ അംഗീകാരം ലഭിക്കുകയുണ്ടായി.ഇതിന് കേന്ദ്രഗവൺമെന്റിന്റെ FMP Scheme-ൽ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

4 **ചുമതല - 8.1.7: - ഓരുമുട്ട് നിർമ്മാണം - പതിമൂന്നാം ധനകാര്യകമ്മീഷന്റെ സഹായത്താൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിനടന്നു വരുന്ന നിർമ്മാണ പ്രവൃത്തികൾ**

1 **തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.**

എസ്റ്റിമേറ്റ് തുക - 25.20 കോടി

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തിയായി.

2 **ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം.**

എ) പട്ടണക്കാട് പഞ്ചായത്തിലെ അന്തകാരനാഴി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും.

ഭരണാനുമതി ലഭിച്ച തുക - 3.35 കോടി.

പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ബി) എഴുപുന്ന പഞ്ചായത്തിലെ പെണ്ണാടി റെഗുലേറ്ററിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും

ഭരണാനുമതി ലഭിച്ച തുക - 0.87 കോടി

പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചു.ചെലവായ തുക 0.85 കോടി രൂപ.

സി) കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്ററിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും

ഭരണാനുമതി ലഭിച്ച തുക - 0.82 കോടി

പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഡി) വയലാർ പഞ്ചായത്തിലെ പുല്ലൻചിറ തോട്ടിലെ പുല്ലൻചിറ പാലത്തിനു സമീപം മടയുടേയും സംരക്ഷണഭിത്തിയുടേയും നിർമ്മാണം

എസ്റ്റിമേറ്റ് തുക - 0.05 കോടി

പണി പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ